**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4093** **03-03-2023 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിൽ സ്മാർട്ട് റേഷൻ കടകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശാല മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനും നിലവിലുള്ളവ മാറ്റി സ്ഥാപിക്കുന്നതിനുമായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ള വിവരം വിശദമാക്കുമോ; | (എ) | പുതിയ റേഷൻ കടയ്ക്കായി പെരുങ്കടവിള പഞ്ചായത്തിലെ അയിരൂർ, അമ്പൂരി പഞ്ചായത്തിലെ തുടിയക്കോണം എന്നീ പ്രദേശങ്ങളിൽ നിന്നും 2 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിന്റെ നടപടികൾ തുടർന്ന് വരുന്നു. റേഷൻ കടമുറി മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പാറശ്ശാല, കുന്നത്തുകാൽ, വെള്ളറട, പെരുങ്കടവിള ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 7 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന്മേലുള്ള നടപടിക്രമങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ പ്രദേശങ്ങളിൽ നിന്നാണ് അപേക്ഷകൾ ലഭ്യമായിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | പാറശാല മണ്ഡലത്തിലെ എത്ര റേഷൻ കടകളെയാണ് സ്മാർട്ട് റേഷൻ കടകളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | സ്മാർട്ട് റേഷൻ കട(കെ-സ്റ്റോർ) പദ്ധതിയിൽ പാറശാല നിയോജക മണ്ഡലത്തിൽ നിന്നുമുള്ള റേഷൻ കടകൾ ഉൾപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് എല്ലാ ജില്ലകളിൽ നിന്നുമായി 73 റേഷൻ കടകളെയാണ് ആദ്യ ഘട്ടത്തിൽ സ്മാർട്ട് റേഷൻ കടകളാക്കാൻ തെരഞ്ഞെടുത്തിട്ടുള്ളത്<br>ടി പദ്ധതിയുടെ ആദ്യ ഘട്ടം പൂർത്തിയാക്കി അത് വിലയിരുത്തിയ ശേഷം കൂടുതൽ കടകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണ്. |
| (ഡി) | മണ്ഡലത്തിലെ എല്ലാ റേഷൻ കടകളെയും സ്മാർട്ട് റേഷൻ കടകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ക്ലോസ് (സി) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ